**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** **01-02-2024 - ൽ മറുപടിയ്ക്ക്**

**വടകര സാൻഡ് ബാങ്ക്സ് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രം നവീകരിച്ചതിന്റെ ഭാഗമായി പ്രദേശത്തു സ്ഥാപിച്ച മൂത്രപ്പുര സഞ്ചാരികൾക്ക് സുരക്ഷിതമായി ഉപയോഗിക്കുന്നതിന് സൗകര്യപ്രദമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ഡി.ടി.പി.സി.ക്ക് കീഴിലുള്ള വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിൽ നിലവിലുള്ള ടോയ്‌ലറ്റ് ബ്ലോക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്നവയാണ്. കൃത്യമായി വൃത്തിയാക്കലും ആവശ്യമായ മെയിന്റനസും ഈ ടോയ്‌ലറ്റ് ബ്ലോക്കിൽ നടത്തി വരുന്നുണ്ട്. |
| (ബി) | എങ്കിൽ സുരക്ഷിതവും സൗകര്യപ്രദവുമായ ഒരു മൂത്രപ്പുര ടൂറിസം കേന്ദ്രത്തിന്റെ മുൻഭാഗത്തായി സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ; | (ബി) | കോഴിക്കോട് ഡി.ടി.പി.സി.ക്ക് കീഴിലുള്ള വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിൽ നിലവിലുള്ള ടോയ്‌ലറ്റ് ബ്ലോക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്നവയാണ്. കൃത്യമായി വൃത്തിയാക്കലും ആവശ്യമായ മെയിന്റനസും ഈ ടോയ്‌ലറ്റ് ബ്ലോക്കിൽ നടത്തി വരുന്നുണ്ട്. |
| (സി) | പ്രദേശത്ത് തട്ടുകടകൾ നടത്തി ഉപജീവനം നടത്തിയിരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തട്ടുകടക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ; | (സി) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വിനോദസഞ്ചാര കേന്ദ്രമായ വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിന്റെ ഇടത് വശത്തായാണ് നിലവിൽ തട്ടുകടകൾ പ്രവർത്തിക്കുന്നത്. എന്നാൽ ഡി.ടി.പി.സി. യുടെ പാർക്കിങ് ഏരിയയുടെ ഭാഗത്ത് പ്രവർത്തിക്കുന്ന ഒരു തട്ടുകട ഗതാഗത കുരുക്കിനു കാരണമാകുകയും, സഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും, പാർക്കിങ് ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നതിനാൽ ടി തട്ടുകട പാർക്കിങ് ഏരിയയിൽ നിന്നും മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ തട്ടുകടക്കാരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വിനോദസഞ്ചാര കേന്ദ്രമായ വടകര സാൻഡ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിന്റെ ഇടത് വശത്തായാണ് നിലവിൽ തട്ടുകടകൾ പ്രവർത്തിക്കുന്നത്. എന്നാൽ ഡി.ടി.പി.സി. യുടെ പാർക്കിങ് ഏരിയയുടെ ഭാഗത്ത് പ്രവർത്തിക്കുന്ന ഒരു തട്ടുകട ഗതാഗത കുരുക്കിനു കാരണമാകുകയും, സഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും, പാർക്കിങ് |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നതിനാൽ ടി തട്ടുകട പാർക്കിങ് ഏരിയയിൽ നിന്നും മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ